## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.247 — 25.04.2017 ൽ മറുപടിക്ക്

### ആരോഗ്യ മേഖലയുടെ പുന:സംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കാരാട്ട് റസാഖ്<br>,, കെ. ബാബു<br>,, ഡി.കെ. മുരളി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയെ നവീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം നൽകുമോ; | (എ)<br>&<br>(സി) | സംസ്ഥാനത്തെ ആരോഗ്യ മേഖലയെ നവീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:<br>➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>➢ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br>➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക<br>➢ 8 മെഡിക്കൽ കോളേജുകളിലെ ഒ.പി.സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി "Patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി നടപ്പിലാക്കുക. ഇതിനായി 51.8184/- കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട |
| (സി) | ആർദ്രം മിഷന്റെ വിജയകരമായ നടത്തിപ്പിനായി തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പങ്കും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പങ്കും വ്യക്തമാക്കാമോ; നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | | |

| | | | |
|---|---|---|---|
| | | | നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>➤ ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലുമാണ് ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>➤ വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക് തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>➤ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപടെ ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുന്നതിനു ഇതുവഴി സാധിക്കും. വാർഡ്തല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെയാണ് ഇതു നടപ്പിലാക്കുന്നത്.<br><br>ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റു സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും കിഫ്ബി മുഖാന്തിരം നടക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഉപകരണങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ ആരോഗ്യ വകുപ്പിനു കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയും തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7 കോടി രൂപയും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ സ്ഥാപിക്കുന്നതിനായി 17 കോടി 85 ലക്ഷം രൂപയും 2017-12018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 20 കോടി രൂപയും, ആശുപത്രികളിൽ രോഗീ സൗഹൃദമാക്കുന്നതിന് 15 കോടി രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങൾ ആക്കുന്നതിന് 23 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ജില്ലാ താലൂക്ക്തല ആശുപത്രികളിലും, തെരെഞ്ഞെടുക്കപ്പെട്ട 170 പി.എച്ച്.സി കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരെഞ്ഞെടുത്ത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ നിശ്ചിത മാനദണ്ഡങ്ങളോടെ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വിവിധ വിഭാഗം ജീവനക്കാരുടെ ചുമതലകൾ പുന:ക്രമീകരിച്ച് സേവന മേഖലകൾ, വിശേഷിച്ച് നേഴ്സിംഗ് സേവനം, കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പുതിയ നേഴ്സിംഗ് നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇപ്പോൾ നേഴ്സിംഗ് നയം സർക്കാരിന്റെ പരിഗണനയിലില്ല. |

Sd/-

സെക്ഷൻ ഓഫീസർ